## ആരോഗ്യസെമിനാർ, കേരളീയം ആരോഗ്യപതിപ്പ് പ്രകാശനം

# ആധുനിക ചികിത്സ ഒരു രോഗം മാറ്റി മറ്റൊന്ന് നൽകുന്നു

സ്വന്തം ലേഖകൻ

തൃശ്ശൂർ : ആധുനിക ചികിത്സ ഒരു രോഗം മാറ്റി മറ്റൊന്ന് നൽകുകയാണ് ചെയ്യുന്നതെന്ന് വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് പറഞ്ഞു. കേരള സാഹിത്യ അക്കാദമിയും കേരളീയം സാംസ്കാരിക പത്രവും ചേർന്ന് ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'സംസ്കാരവും ആരോഗ്യവും' എന്ന വിഷയത്തെ കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനിക ചികിത്സാ രീതി എമർജൻസി മാനേജ്മെന്റ് മാത്രമായി മാറിയിരിക്കുകയാണ്. അടിയന്തിരഘട്ടങ്ങളിൽ ഇതിനെ ആശ്രയിക്കാൻ കഴിയാത്ത സ്ഥിതിയിലായിരിക്കുന്നു. പഥ്യത്തിൽ ആധുനിക വൈദ്യശാസ്ത്രകാരന്മാർ നിഷ്കർഷ ഏർപ്പെടുത്താത്തത് മരുന്നുകളുടെ ഫലം പരിമിതമാക്കുന്നു. സംസ്കാരവും ആരോഗ്യവും പരസ്പരപൂരകമായ കാര്യമാണെന്ന് ചരിത്രാനുഭവങ്ങൾ തെളിയിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആരോഗ്യരംഗത്ത് ബദൽ സമീപനങ്ങളുടെ പ്രസക്തി ഇന്ന് വർദ്ധിച്ചിരിക്കുകയാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച സി. പി. ഗംഗാധരൻ മാസ്റ്റർ പറഞ്ഞു.

വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ കൊണ്ട് ഗുണം ലഭിക്കേണ്ടത് സാധാരണക്കാർക്കായിരിക്കണമെന്നും സാധാരണ ജനങ്ങൾക്ക് അതിനാകുന്നില്ലെങ്കിൽ അത് വൈദ്യശാസ്ത്രത്തിന്റെ പരാജയമാണെന്നും സെമിനാറിൽ സംസാരിച്ച തൃശ്ശൂർ മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. കെ. മോഹൻ അഭിപ്രായപ്പെട്ടു.

ആത്മവിശ്വാസക്കുറവ് ആധുനിക വൈദ്യശാസ്ത്രത്തേയും ബാധിച്ചിട്ടുണ്ടെന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റായ ഡോ. അരുൺ കിഷോർ പറഞ്ഞു. രോഗിയുടെ അനുഭവങ്ങളും ഗവേഷണഫലങ്ങളും ഒന്നിച്ച് ചേർന്ന് ചികിത്സയുടെ രീതി നിർണ്ണയിക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.



ആരോഗ്യമേഖലയെ തകർക്കുന്നത് കമ്പോളവ്യവസ്ഥയാണെന്ന് കെ. വേണു അഭിപ്രായപ്പെട്ടു. ആധുനിക ചികിത്സാരീതിക്ക് ദോഷവശങ്ങൾ ഉണ്ട്. എന്നാൽ അതിന് പകരമായി സമാന്തര ചികിത്സാരീതികളെ ഉയർത്തിക്കാണിക്കാനാവില്ല. ആരോഗ്യം വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ ആവശ്യമായ സാമൂഹിക സാമ്പത്തിക ഘടന എങ്ങനെയുണ്ടാക്കാമെന്ന ചർച്ചകളാണ് ഇനി ഉയർന്നുവരേണ്ടത് അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ ഡോ. കെ. കെ.രാഹുലൻ സ്വാഗതവും കേരളീയം പത്രാധിപർ സി. എ. റോബിൻ നന്ദിയും പറഞ്ഞു. കേരളീയം ആരോഗ്യപതിപ്പിന്റെ ഔപചാരികമായ പ്രകാശനവും ഇതോടൊപ്പം നടന്നു.